# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 932** **10.06.2019 ലെ മറുപടി**

## ജലവിഭവ വകുപ്പിന് കീഴിൽ പുതിയ സബ് ഡിവിഷൻ - സെക്ഷൻ ഓഫീസുകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ടി. വി. ഇബ്രാഹിം :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പമന്ത്രി)** |
| (എ) ജലവിഭവ വകുപ്പിന് കീഴിൽ പുതിയ സബ്ഡിവിഷൻ / സെക്ഷൻ ഓഫീസുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്.<br>കേരള ജലസേചന വകുപ്പിൽ പുതിയ സബ് ഡിവിഷൻ / ഡിവിഷൻ ഓഫീസുകൾ തുടങ്ങുന്ന കാര്യം വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന റീസ്ട്രക്ചറിംഗ് പ്രൊപ്പോസലിൽ പരിശോധിച്ചു വരുന്നു.<br>കേരള വാട്ടർ അതോറിറ്റിയിൽ ബേപ്പൂരിൽ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യവും പരിശോധനയിലാണ്. |
| (ബി) നിലവിലുള്ള സെക്ഷൻ ഓഫീസുകളുടെ /സബ്ഡിവിഷൻ ഓഫീസുകളുടെ നവീകരണത്തിന് വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) ജലസേചന വകുപ്പിൽ Modernization & e-governance എന്നിവയ്ക്കു വേണ്ടി 2701-80-001-92-99 എന്ന ശീർഷകത്തിൽ 90 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. Biometric Punching, KSWAN Connectivety, Tracking and keeping assets electronically (e-asset), Upkeep & maintenance of electronic assets തുടങ്ങിയ പ്രവർത്തനങ്ങൾക്കായിട്ടാണ് മേൽപ്പറഞ്ഞ തുക വിനിയോഗിക്കുവാൻ |

| | | |
|---|---|---|
| | | പോകുന്നത് . തുടർന്നുള്ള പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>കേരള വാട്ടർ അതോറിറ്റിയിൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സെക്ഷൻ/സബ്ഡിവിഷൻ ഓഫീസുകളിൽ അറ്റകുറ്റപ്പണികൾ നടത്തി വരുന്നു. |
| (സി) | കൊണ്ടോട്ടിയിൽ നേരത്തെയുണ്ടായിരുന്ന സബ് ഡിവിഷൻ ഓഫീസ് അവിടെ പുന:സ്ഥാപിക്കാൻ വേണ്ടി ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ചെയ്ത നടപടിക്രമങ്ങൾ വിശദമാക്കാമോ; | (സി) യും (ഡി) യും<br>നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | ചീക്കോട് കുടിവെള്ള പദ്ധതിപോലെ ബൃഹത്തായ ഒരു കുടിവെള്ള പദ്ധതി ആരംഭിച്ചിട്ടും കൊണ്ടോട്ടിയിൽ സബ് ഡിവിഷൻ ഓഫീസ് ഇനിയും പുന:സ്ഥാപിക്കാത്തതിന്റെ കാരണങ്ങൾ അറിയിക്കാമോ ? | |

**സെക്ഷൻ ഓഫീസർ**